പള്ളി മറയാക്കി സി.പി.എമ്മുകാരെ കൊല്ലാൻ ശ്രമിച്ചത് കാടത്തമാണെന്ന് ഏരിയാ കമ്മിറ്റി

ആലക്കോട്: പള്ളി മറയാക്കി സി.പി.എം നേതാക്കളെയും പ്രവർത്തകരെയും ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച മുസ്ലിംലീഗ് നടപടി കാടത്തമാണെന്ന് സി.പി.എം ആലക്കോട് ഏരിയാ കമ്മിറ്റി ആരോപിച്ചു. ആരാധനാലയങ്ങളെ ആയുധപുരകളാക്കി മാറ്റി വൻ ആക്രമണം അഴിച്ചുവിട്ട് സി.പി.എം പ്രവർത്തകരെ കൊലപ്പെടുത്താൻ ശ്രമിക്കുകയും പിന്നീട് ലീഗ് പ്രവർത്തകർ തന്നെ പള്ളിയുടെ ചില്ലുകൾ അടിച്ച് പൊളിച്ച് മാർക്സിസ്റ്റ് ഭീകരത എന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്ന തന്ത്രമാണ് നടുവിലെ ലീഗ് നേതൃത്വം സ്വീകരിച്ചുവരുന്നത്. ഇത് തിരിച്ചറിഞ്ഞ് ഇവരെ ജനങ്ങൾ ഒറ്റപ്പെടുത്തണം. ജില്ലാ സെക്രട്ടറിയേറ്റംഗം കെ.എം. ജോസഫ്, എം. കരുണാകരൻ, പി.വി. ബാബുരാജ്, മൂസാൻകുട്ടി തുടങ്ങിയ നേതാക്കൾക്കെതിരെ ബോധപൂർവ്വമായ അക്രമണങ്ങളാണ് നടന്നതെന്ന് കമ്മിറ്റി കുറ്റപ്പെടുത്തി.

നടുവിൽ പോലീസ് ഏകപക്ഷീയമായി പ്രവർത്തിക്കുകയാണെന്ന് കെ.സി. ജോസഫ്

നടുവിൽ: നടുവിലുണ്ടായ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് ഏകപക്ഷീയമായി പ്രവർത്തിക്കുകയാണെന്ന് കെ.സി. ജോസഫ് എം.എൽ.എ ആരോപിച്ചു. ലീഗ് പ്രവർത്തകരെ തിരഞ്ഞ് പിടിച്ച് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്ത് ജയിലിൽ അടക്കുന്ന സമീപനമാണ് സി.പി.എമ്മിന്റെ തിട്ടൂരത്തിന് വഴങ്ങി പോലീസ് സ്വീകരിക്കുന്നത്. ലീഗ് പ്രവർത്തകരെ സി.പി.എമ്മുകാർ അക്രമിച്ച സംഭവത്തിൽ കേസെടുക്കുന്നതിനോ, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനോ പോലീസ് തയ്യാറാകുന്നില്ല. വിളക്കണ്ണൂരിലെ ലീഗ് ഓഫീസ് തകർത്ത കേസിൽ ഒരു പ്രതിയെ പോലും അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറായിട്ടില്ല. പോലീസിന്റെ ഈ നിഷ്ക്രിയത്വമാണ് നടുവിൽ അക്രമങ്ങൾ തുടർക്കഥയാകാൻ കാരണമെന്ന് അദേഹം പറഞ്ഞു. അക്രമത്തിൽ പരിക്കേറ്റ് തളിപ്പറമ്പ് ലൂർദ് ആശുപത്രിയിൽ കഴിയുന്നവരെ കെ. സി. ജോസഫ് സന്ദർശിച്ചു. ലീഗ് നേതാക്കളായ സി.പി.വി. അബ്ദുള്ള, വി.എ. റഹിം, ബി.എ. നാസർ, നസീർ നടുവിൽ എന്നിവർ അദേഹത്തിനൊപ്പമുണ്ടായിരുന്നു.

പാച്ചേനി-മുക്കുന്ന് റോഡ് പ്രവൃത്തിയിൽ ക്രമക്കേട് നടന്നുവെന്നാരോപിച്ച് നാട്ടുകാർ പ്രതിഷേധിക്കുന്നു

ഇന്നലെ ടാർ ചെയ്ത റോഡ് തകർന്നു; തുടർ പ്രവൃത്തി നാട്ടുകാർ തടഞ്ഞു

തളിപ്പറമ്പ: ആവശ്യമായ ടാറും ജില്ലിയും ഉപയോഗിക്കാതെ ടാർ ചെയ്തതിനെ തുടർന്ന് 24 മണിക്കൂർ തികയും മുമ്പ് റോഡ് തകർന്നെന്ന് ആരോപിച്ച് നാട്ടുകാർ തുടർ പ്രവൃത്തി തടഞ്ഞു. മുക്കുന്ന്-പാച്ചേനി റോഡിന്റെ നിർമ്മാണ പ്രവൃത്തിയാണ് ഇന്ന് രാവിലെ ഒരു സംഘം തടഞ്ഞത്. ഇന്നലെ ഇവിടെ ടാറിംഗ് നടന്നിരുന്നു. ഇന്ന് ഇതുവഴി വാഹനങ്ങൾ പോകുമ്പോൾ ടാർ ഇളകി കുഴികൾ രൂപംകൊള്ളുകയാണെന്നാണ് നാട്ടുകാർ ആരോപിക്കുന്നത്. കൈകൊണ്ട് ഇളക്കുമ്പോൾ തന്നെ ടാറിംഗ് അടർന്ന് വരുന്നുണ്ട്. കുഴികൾ ജില്ലി ഉപയോഗിച്ച് അടക്കുന്നതിന് പകരം ചെങ്കൽ ചീളുകൾ ഉപയോഗിച്ചതാണ് റോഡ് തകരാൻ ഇടയാക്കിയത്. അഞ്ചര കിലോമീറ്റർ വരുന്ന റോഡിന് 1.20 കോടി രൂപയാണ് പഞ്ചായത്ത് അനുവദിച്ചത്. പി.വി.അബ്ദുൾഷുക്കൂർ, ഫാറൂഖ്, മജീദ് തുടങ്ങിയവർ പ്രതിഷേധത്തിന് നേതൃത്വം നൽകി. സംഭവം അറിഞ്ഞ് പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ്, അസി. എഞ്ചിനീയർ സനൽ എന്നിവർ സ്ഥലത്തെത്തി നാട്ടുകാരുമായി സംസാരിച്ചു.

നടുവിൽ ടൗണിൽ നിന്ന് കണ്ടെടുത്ത പൊട്ടാത്ത ബോംബ് ഡി.വൈ.എസ്.പി കെ.വി.വേണുഗോപാൽ പരിശോധിക്കുന്നു

ബസ് യാത്രക്കാരിയുടെ 18 പവനും 72,000 രൂപയും കവർന്നു

കാഞ്ഞങ്ങാട്: സ്വകാര്യ ബസ് യാത്രക്കാരിയുടെ വാനിറ്റി ബാഗ് മുറിച്ച് 18 പവന്റെ സ്വർണ്ണാഭരണങ്ങളും 72,000 രൂപയും കവർന്നതായി പരാതി. കൊല്ലം അഞ്ചൽ സ്വദേശി അനില (29)യുടെ പണവും സ്വർണ്ണവുമാണ് നഷ്ടമായത്. പെരിയ കാഞ്ഞിരടുക്കത്ത് ഹോംനേഴ്സായി ജോലി ചെയ്യുകയാണ് അനില. ഇന്നലെ വൈകുന്നേരം കണ്ണൂരിൽ നിന്ന് കാഞ്ഞങ്ങാട്ടേക്കുള്ള സ്വകാര്യ ബസിൽ വരികയായിരുന്നു ഇവർ. യാത്രയ്ക്കിടയിൽ ബാഗ് മുറിച്ച് പണവും ആഭരണവും കവർന്നുവെന്നാണ് പരാതി. ഹോസ്ദുർഗ് പോലീസ് കേസെടുത്തു.

മടക്കരയിൽ കോൺഗ്രസ് ബസ് കാത്തിരിപ്പ് കേന്ദ്രം തകർത്തു

മാട്ടൂൽ: മടക്കര റോഡരികിൽ കോൺഗ്രസ് പ്രവർത്തകർ നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രം ഇരുട്ടിന്റെ മറവിൽ സാമൂഹ്യദ്രോഹികൾ അടിച്ചു തകർത്തു. പരിസരത്തെ കോൺഗ്രസ് കൊടിയും കൊടിമരവും നശിപ്പിച്ചിട്ടുണ്ട്. ഇന്നലെ രാത്രിയായിരുന്നു സംഭവം.

നബിദിനാഘോഷ തർക്കം; ലീഗ് നേതാക്കൾക്ക് പരിക്ക്

തളിപ്പറമ്പ: നബിദിനാഘോഷവുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തിൽ യൂത്ത് ലീഗ് നേതാക്കൾക്ക് പരിക്ക്. മുസ്ലിംലീഗ് മണ്ടിൽ പഞ്ചായത്ത് സെക്രട്ടറി ചുണ്ടുന്നുമ്മൽ മൊയ്തീൻ (57), കൊട്ടപൊയിൽ ശാഖ മുസ്ലിംലീഗ് പ്രസിഡണ്ട് കുരിക്കൻമാർക്കണ്ടി എറമുള്ളാൻ (59) എന്നിവരെയാണ് പരിക്കേറ്റ നിലയിൽ തളിപ്പറമ്പ ലൂർദ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കഴിഞ്ഞ ദിവസം രാത്രി 8.40ഓടെ കൊട്ടപൊയിൽ പള്ളിയിൽ നിന്ന് നിസ്കാരം കഴിഞ്ഞ് സമീപത്തുള്ള കല്യാണ വീട്ടിലേക്ക് പോകുന്നതിനിടെ എ.പി. അബ്ദുറഹ്മാൻ, പി.പി. മുസ്തഫ, ടി.വി. അൻസീർ, കെ.പി. ബഷീർ, മുനവ്വിർ, റഫീഖ് എന്നിവരടങ്ങിയ സംഘം ഇരുമ്പുവടിയടക്കമുള്ള ആയുധങ്ങളുമായി അക്രമിക്കുകയായിരുന്നത്രെ.

നബിദിനാഘോഷത്തിന്റെ ഭാഗമായി അന്നേ ദിവസം ഉച്ചക്ക് പ്രദേശത്ത് ചെറിയ സംഘർഷമുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയാണ് തങ്ങളെ രാത്രിയിൽ അക്രമിച്ചതെന്ന് ഇവർ പറയുന്നു. പരിക്കേറ്റവർ ഇ.കെ. വിഭാഗം പ്രവർത്തകർ കൂടിയാണ്. മൊയ്തീന്റെ പുറത്തും കാലിനും എറമുള്ളാന്റെ കാലിനും പരിക്കേറ്റിട്ടുണ്ട്.

കടലിൽ ഒറ്റപ്പെട്ട തൊഴിലാളികളെ മഹാരാഷ്ട്ര ദേവ്ഗഡിൽ രക്ഷപ്പെടുത്തുന്നു

കടലിൽ അകപ്പെട്ട തൊഴിലാളികളെ മഹാരാഷ്ട്രയിൽ രക്ഷിച്ചത് ആലക്കോട് സ്വദേശിയുടെ നേതൃത്വത്തിൽ

ആലക്കോട്: ഓഖി ചുഴലിക്കാറ്റിനെത്തുടർന്ന് കടലിൽ കുടുങ്ങിയ മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി മഹാരാഷ്ട്ര തീരത്ത് എത്തിച്ചത് ആലക്കോട് സ്വദേശിയുടെ നേതൃത്വത്തിൽ. മഹാരാഷ്ട്ര-ഗോവ അതിർത്തിയിലെ ദേവ്ഗഡിലാണ് കേരളത്തിലെയും തമിഴ്നാട്ടിലെയും നൂറുകണക്കിന് മത്സ്യത്തൊഴിലാളികൾക്ക് അഭയ കേന്ദ്രമൊരുക്കിയിരുന്നത്. ഉദയഗിരി സ്വദേശി വടക്കൻ ബിജുവിന്റെ നേതൃത്വത്തിലാണ് കടലിൽ നിന്ന് ഇവരെ രക്ഷപ്പെടുത്തി ദേവ്ഗഡ് തുറമുഖത്ത് എത്തിച്ചത്. ഗോവയിലെ സാവന്ത് വാടിയിൽ തോട്ടം പ്ലാന്റേഷൻ നടത്തി വരുന്ന ബിജു മത്സ്യത്തൊഴിലാളികൾ കടലിൽ അകപ്പെട്ട വിവരം അറിഞ്ഞതിനെ തുടർന്നാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. മഹാരാഷ്ട്ര ഗവൺമെന്റുമായി ബന്ധപ്പെട്ടും കേരളാ സർക്കാരിനെ വിവരമറിയിച്ചും തൊഴിലാളികളെ അവരുടെ നാടുകളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദേവ്ഗഡിൽ ബിജുവിന്റെയും മറ്റൊരു മലയാളിയായ സജി സെബാസ്റ്റ്യന്റെയും നേതൃത്വത്തിൽ നടന്നുവരികയാണ്.

ചെറുകുന്ന് കൊവ്വപ്പുറത്ത് വൈദ്യുതി തൂണിലിടിച്ച് വാൻ തകർന്ന നിലയിൽ

വാൻ വൈദ്യുതി തൂണിലിടിച്ച് മൂന്ന് പേർക്ക് പരിക്ക്

പഴയങ്ങാടി: തൊടുപുഴയിൽ നിന്ന് കൈതച്ചക്കയുമായി വരികയായിരുന്ന കെ.എൽ 8 എ എക്സ് 9117 പിക്കപ്പ്വാൻ വൈദ്യുതി തൂണിലിടിച്ച് മൂന്നുപേർക്ക് പരിക്കേറ്റു. മുവാറ്റുപുഴ സ്വദേശികളായ പ്രശോഭ് (27), സെബാസ്റ്റ്യൻ (37), ഇടുക്കിയിലെ ശ്രീകുട്ടൻ (26) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ ആദ്യം ചെറുകുന്ന് മിഷൻ ആശുപത്രിയിലും പിന്നീട് പരിയാരം മെഡി. കോളേജിലും പ്രവേശിപ്പിച്ചു. നിർമ്മാണം നടക്കുന്ന കെ.എസ്.ടി.പി റോഡിൽ ചെറുകുന്ന് കൊവ്വപ്പുറം എ.കെ.ജി മന്ദിരത്തിന് സമീപം ഇന്ന് രാവിലെ ആറരയോടെയായിരുന്നു അപകടം. ഇടിയുടെ ആഘാതത്തിൽ വാഹനത്തിന്റെ മുൻഭാഗം പൂർണ്ണമായും തകർന്നു. വൈദ്യുതിബന്ധം വിഛേദിച്ചതിനാൽ വൻദുരന്തം ഒഴിവായി.

മുസ്ലിംലീഗ് കൊടികൾ നശിപ്പിച്ചു

ആലക്കോട്: നെല്ലിപ്പാറ ടൗണിൽ സ്ഥാപിച്ച മുസ്ലിംലീഗിന്റെയും എം.എസ്.എഫിന്റെയും കൊടികൾ സാമൂഹ്യവിരുദ്ധർ പട്ടാപ്പകൽ പരസ്യമായി നശിപ്പിച്ചു. ഇന്നലെ ഉച്ചകഴിഞ്ഞാണ് സംഭവം. നെല്ലിപ്പാറ സ്വദേശിയായ യുവാവാണ് സംഭവത്തിന് പിന്നിലെന്ന് ലീഗ് പ്രവർത്തകർ ആരോപിച്ചു.

ജി.എസ്.ടിയിലൂടെ അസംഘടിത ഉൽപ്പാദന മേഖല വൻകിടക്കാർ കയ്യടക്കും: പി.ജെ.ജയിംസ്

മയ്യിൽ: ജി.എസ്.ടി നടപ്പിലാക്കുന്നതിലൂടെ അസംഘടിത ഉൽപ്പാദന മേഖല തകർന്നടിയുമെന്നും ചില്ലറ വ്യാപാര മേഖലകൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയാകമാനം വൻകിടക്കാർ കയ്യടക്കുമെന്നും സി.പി.ഐ (എം.എൽ) റെഡ്സ്റ്റാർ പോളിറ്റ്ബ്യൂറോ അംഗവും പ്രമുഖ സാമ്പത്തിക വിദഗ്ധനുമായ ഡോ. പി.ജെ.ജയിംസ് അഭിപ്രായപ്പെട്ടു. ചേതന ഫിലിം കൾച്ചറൽ സൊസൈറ്റിയും മാസ് മൂവ്മെന്റ് ഫോർ സോഷ്യലിസ്റ്റ് ആൾട്ടർനേറ്റീവും 'ജി.എസ്.ടി പ്രത്യാഘാതവും പ്രതിരോധവും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ വിഷയം അവതരിപ്പിക്കുകയായിരുന്നു അദേഹം.

രാജ്യത്ത് നിലവിലുള്ള 48 കോടി തൊഴിലാളികളിൽ 90 ശതമാനം ജോലി ചെയ്യുന്നത് അസംഘടിത മേഖലയിലാണ്. ചരക്കുകളുടെയും സേവനങ്ങളുടെയും വില നിർണ്ണായാധികാരം കോർപ്പറേറ്റുകൾക്കായിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ജി.എസ്.ടി കൊണ്ട് യാതൊരു നേട്ടവും ലഭിക്കാൻ പോകുന്നില്ല. ഭീകരമായ തൊഴിലില്ലായ്മയും പണപ്പെരുപ്പം വഴിയുണ്ടാകുന്ന ഗുരുതരമായ വിലക്കയറ്റവും ജനജീവിതം തകർക്കും. നികുതി ചുമത്താനുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരം എടുത്തുകളഞ്ഞത് ഫെഡറൽ വ്യവസ്ഥയുടെ ലംഘനമാണ്. കേരളത്തിൽ ഇപ്പോഴുണ്ടായിട്ടുള്ള ട്രഷറി പ്രതിസന്ധിക്കും സാമ്പത്തിക കുഴപ്പങ്ങൾക്കും കാരണം ജി.എസ്.ടിയിലൂടെ സംസ്ഥാനത്തിന്റെ നികുതി വിഹിതം നഷ്ടപ്പെട്ടതാണ്-ജയിംസ് ചൂണ്ടിക്കാണിച്ചു. കെ.സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ഡോ.വിപ്രസാദ്, പി.പി.സിദ്ദീഖ്, അഡ്വ.കസ്തൂരിദേവൻ ചർച്ചയിൽ പങ്കെടുത്തു. കെ.പി.വിനോദ് കുമാർ സ്വാഗതം പറഞ്ഞു.

മയ്യിലിൽ ജി.എസ്.ടി സെമിനാറിൽ ഡോ.പി.ജെ.ജയിംസ് വിഷയം അവതരിപ്പിക്കുന്നു

പെരുമണ്ണ് ദുരന്തത്തിന്റെ വാർഷിക ദിനമായ ഇന്ന് സ്മൃതി മണ്ഡപത്തിൽ വിദ്യാർത്ഥികൾ ആദരാഞ്ജലിയർപ്പിക്കുന്നു

കാര്യാമ്പലം ഭജന മഠത്തിന് നേരെ നടന്ന അക്രമത്തിന് പിന്നിൽ ആസൂത്രിത നീക്കം

തളിപ്പറമ്പ: കാര്യാമ്പലം ഭജനമഠത്തിന് നേരെ ചിമുട്ടയെറിഞ്ഞതിന്റെ പിറകിൽ നാട്ടിൽ കുഴപ്പമുണ്ടാക്കാനുള്ള സാമൂഹ്യവിരുദ്ധരുടെ ശ്രമമെന്ന് സൂചന. പോലീസ് രഹസ്യാന്വേഷണ വിഭാഗത്തിന് ഇതുസംബന്ധിച്ച ചില തെളിവുകൾ ലഭിച്ചതായി അറിയുന്നു. ശബരിമല സീസണായതിനാൽ ഭജന മഠത്തിൽ രാത്രി 9 മണിവരെ പരിപാടി ഉണ്ടായിരുന്നു. തൊട്ടടുത്ത മുസ്ലിംപള്ളിയിലും നബിദിനാഘോഷവുമായി ബന്ധപ്പെട്ട് പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇരു കമ്മിറ്റികളും വളരെ സൗഹാർദ്ദപരമായി കൂടിയാലോചിച്ചാണ് പരിപാടികളും ഒരുക്കുന്നും ക്രമീകരിക്കാറ്. അതേസമയം കാര്യാമ്പലം പ്രദേശത്ത് സാമൂഹ്യവിരുദ്ധർ തമ്പടിക്കുന്നതായി നിരവധി തവണ പോലീസിൽ രേഖാമൂലം പരാതി നൽകിയിരുന്നു. കാര്യാമ്പലം ബസ് ഷെൽട്ടർ കേന്ദ്രീകരിച്ച് മയക്കുമരുന്ന് ഉൾപ്പെടെ വില്പന നടത്തുന്നതായും പോലീസിന് വിവരമുണ്ടായിരുന്നു. കാര്യമായ പെട്രോളിംഗ് നടത്തണമെന്ന് രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽ പോലീസിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിനിടയിലാണ് ഭജനമഠത്തിന് നേരെ ചീമുട്ടയേറ് നടന്നത്. സംഭവമറിഞ്ഞ് നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ്, വൈസ് ചെയർപേഴ്സൺ വത്സല പ്രഭാകരൻ, പള്ളി കമ്മിറ്റി ഭാരവാഹികളായ സി.ഉമ്മർ, പി.സി.നസീർ തുടങ്ങി നിരവധി പേർ ഭജനമഠത്തിലെത്തി. പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

സ്കോളർഷിപ്പോടെ ബ്യൂട്ടീഷൻ കോഴ്സ്

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന "ദേശീയ തൊഴിൽ വിദ്യാകേന്ദ്രം" വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന്റെ ഭാഗമായി 30% സ്കോളർഷിപ്പോടെ പരിചയസമ്പന്നരായ അധ്യാപകരുടെ നേതൃത്വത്തിൽ ഗവ. അംഗീകൃത സർട്ടിഫിക്കറ്റോടെ ബ്യൂട്ടീഷൻ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 10ന് മുമ്പ് പേര്, സ്ഥലം 9037275726 എന്ന നമ്പറിലേക്ക് SMS അയക്കുക. അല്ലെങ്കിൽ നേരിട്ട് രജിസ്റ്റർ ചെയ്യുക

മറ്റ് കോഴ്സുകൾ
- ADFD- Advanced Diploma in Fashion Designing
- DGD- Diploma in Garments Designing
- CCW- Certificate in Craft works
- തയ്യൽ പരിശീലനം

തളിപ്പറമ്പ് സ്റ്റഡി സെന്റർ
foresight
INSTITUTE OF FASHION TECHNOLOGY
.....സഹോദരസ്ഥാപനം.....
മഹാത്മ കമ്പ്യൂട്ടേർസ്
മഹാത്മ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460 2201428, 9847504182

കഴിഞ്ഞ 3 വർഷമായി കാർത്തികപുരത്ത് പ്രവർത്തിച്ചുവന്ന ഞങ്ങളുടെ സ്ഥാപനം ഇന്ന് മുതൽ ഉദയഗിരി സെന്റ് മേരീസ് പള്ളിക്ക് സമീപത്തെ കെട്ടിടത്തിലേക്ക് (കെ.ടി.സി. ബിൽഡിംഗ്)

മാറ്റി പ്രവർത്തനമാരംഭിച്ചിരിക്കുന്നു

സെന്റ് മേരീസ് ഹോളോ ബ്രിക്സ് കമ്പിനി
മുന്നാംതോട് റോഡ്, ഉദയഗിരി
Ph: 9495260756, 9947310256

4x16, 5x16 ഇഞ്ച് കട്ടകൾ, കിണർ കട്ടകൾ, കട്ടിള, ജനൽ, പൂച്ചട്ടികൾ, അലമാരകൾ തുടങ്ങിയവ ലഭ്യമാണ്. ഏവരുടെയും സഹകരണം തുടർന്നും ക്ഷണിക്കുന്നു

ചരമം

ജോസഫ്

ആലക്കോട്: അരിവിളഞ്ഞപൊയിലിലെ മുതുകാട്ടിൽ ജോസഫ് (84) നിര്യാതനായി. ഭാര്യ: പരേതയായ ഏലിക്കുട്ടി. മക്കൾ: ബേബി, സിബി, മോളി, ലാലി, സജി, ബീന. മരുമക്കൾ: മോളി, ജോസ്, ജോസ്കുട്ടി, സജിത, സിജി, സിബി. സംസ്കാരം ഇന്ന് വൈകുന്നേരം നാല് മണിക്ക് അരിവിളഞ്ഞപൊയിൽ സെന്റ് തോമസ് പള്ളിയിൽ.

ഏലിക്കുട്ടി

ആലക്കോട്: പാത്തൻപാറയിലെ പുരയിടത്തിൽ ജോണിന്റെ ഭാര്യ ഏലിക്കുട്ടി (72) നിര്യാതയായി. മക്കൾ: ലില്ലിക്കുട്ടി, സോഫി, വത്സമ്മ, ബിജു, മെജോ, പരേതനായ ജോജോ. മരുമക്കൾ: ടോമി വടക്കേടത്ത്, ജോണി പൊയ്കയിൽ, റൂബി, പരേതനായ തങ്കച്ചൻ വെള്ളാപ്പള്ളിൽ.

സുലോചന

ആലക്കോട്: ഉദയഗിരി തലത്തണ്ണി കോളനിയിലെ ചപ്പിലി സുലോചന (38) നിര്യാതയായി. ഭർത്താവ്: രാജൻ. ചപ്പിലി ചെറിയ രാമൻ-മാധവി ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ: സുരേന്ദ്രൻ, ചന്ദ്രിക, രവി, രമേശൻ.

മേരി

നടുവിൽ: ഒറ്റത്തൊട്ടിയിലെ കളപ്പുരക്കൽ ടോമിയുടെ ഭാര്യ മേരി (53) നിര്യാതയായി. പൊട്ടൻപ്ലാവ് വെള്ളമരുതുങ്കൽ കുടുംബാംഗമാണ്. മക്കൾ: ലിന്റ, ലിഞ്ചു, അഞ്ചു. മരുമക്കൾ: പ്രിൻസ് കണ്ടത്തിൽ (ചെറിയ അരീക്കാമല), സീക്കോ കൊച്ചുപാലിയത്ത് (ചേലക്കര). സംസ്കാരം ഇന്ന് വൈകുന്നേരം നാല് മണിക്ക് നടുവിൽ സെന്റ് മേരീസ് പള്ളിയിൽ.

സെബാസ്റ്റ്യൻ

ആലക്കോട്: വെള്ളാട് മാവുംചാലിലെ കൊച്ചുപുരയിൽ സെബാസ്റ്റ്യൻ (പാപ്പച്ചൻ-90) നിര്യാതനായി. ഭാര്യ: കരോട്ടുപാറ കുടുംബാംഗം പരേതയായ ത്രേസ്യ. മക്കൾ: തോമസ്, ആലീസ്, കുട്ടിച്ചൻ, എൽസമ്മ, സിസിലി, കുഞ്ഞുമോൾ, ബെന്നി. മരുമക്കൾ: ലില്ലിക്കുട്ടി, മാത്യു, എൽസി, ബാബു, ലാലു, തങ്കച്ചൻ, നൈസ്.



നാരായണി

ബക്കളം: പാൽസൊസൈറ്റിക്ക് സമീപം അരിപ്രത്തോട്ടിലെ പരേതനായ കെ.പി.ഗോവിന്ദൻ ആചാരിയുടെ ഭാര്യ കെ.പി.നാരായണി (90) നിര്യാതയായി. മക്കൾ: പുരുഷോത്തമൻ മേസ്തിരി, ഗൗരി (കണ്ണാടിപറമ്പ), കാർത്ത്യായനി, ശാന്തകുമാരി, വിജയൻ, ബാബു, ശശി. മരുമക്കൾ: സതി, തമ്പാൻ, സുജാത, ശോഭന, വനജ, പരേതനായ ബാലൻ.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2740
പവന് :21920
പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 19 RNI Reg.No.KER MAL/2007/22043